ഉത്തരം

(എ&ബി) മറുനാട്ടിൽ കഴിയുന്ന മലയാളികളുടെ കൃത്യമായ കണക്ക് സർക്കാരിന്റെ പക്കലില്ല. അതിനാൽ ഏറ്റവും കൂടുതൽ മലയാളികളുള്ള സംസ്ഥാനങ്ങൾ ഏതെല്ലാമാണെന്ന് നിശ്ചയിക്കാൻ കഴിഞ്ഞിട്ടില്ല.

(സി) സംസ്ഥാനത്തെ ജനസംഖ്യയുടെ ഒരു ശതമാനമോ അതിൽ കൂടുതലോ ന്യൂനപക്ഷ ഭാഷ സംസാരിക്കുന്ന ജനവിഭാഗങ്ങൾക്ക് ഭാഷാ ന്യൂനപക്ഷ പദവി നൽകാൻ വ്യവസ്ഥയുണ്ട്. അതുപ്രകാരം പോണ്ടിച്ചേരി, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ മലയാളം സംസാരിക്കുന്ന ജനവിഭാഗത്തിന് ന്യൂനപക്ഷ പദവി നൽകിയിട്ടുണ്ട്.

(ഡി&ഇ) വിവരം ലഭ്യമല്ല. അതാത് സംസ്ഥാന സർക്കാരുകളാണ് ഇതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടത്.

(എഫ്) സർക്കാർ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചിട്ടില്ല. മറ്റു സംസ്ഥാന സർക്കാരുകൾ സ്വീകരിച്ച നടപടിയെക്കുറിച്ചുള്ള വിവരം ലഭ്യമല്ല.

(ജി) പ്രവാസി മലയാളികളുടെ ക്ഷേമകാര്യങ്ങൾ നടപ്പിലാക്കുന്നതിന് രൂപീകരിച്ച വകുപ്പാണ് നോർക്ക. മറുനാടൻ മലയാളികളെയും പ്രവാസി മലയാളികളായി അംഗീകരിച്ചിട്ടുണ്ട്. അവരുടെ ആവശ്യങ്ങളും നിവേദനങ്ങളും നോർക്ക വകുപ്പ് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

യു.എസ്., ജർമ്മനി മുതലായ രാജ്യങ്ങളിലെ പ്രവാസി മലയാളികൾ

85 (2949) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽനിന്ന് യു.എസ്., ജർമനി, കാനഡ, ആസ്ട്രേലിയ, സൗദി അറേബ്യ, യു. എ. ഇ. എന്നീ രാജ്യങ്ങളിൽ ഓരോന്നിലും എത്ര പ്രവാസി മലയാളികൾ പണിയെടുക്കുന്നുവെന്ന് അറിയിക്കാമോ ; അവരിൽ വിവിധ രാജ്യങ്ങളിൽ പൂർണ്ണ പൗരത്വം ലഭിച്ചിട്ടുള്ളവർ എത്രയെന്ന് അറിയിക്കാമോ ;

(ബി) ഇവർക്ക് ഇരട്ട പൗരത്വം നൽകുന്നതിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ ;

(സി) അനുകൂല നിലപാടാണെങ്കിൽ അത് കേന്ദ്രത്തെക്കൊണ്ട് അംഗീകരിപ്പിക്കുവാൻ സമ്മർദ്ദം ചെലുത്തുമോ ?

ഉത്തരം

(എ) കൃത്യമായി കണക്കാക്കപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) ഇക്കാര്യം കേന്ദ്ര സർക്കാർ കൈകാര്യം ചെയ്യുന്ന വിഷയമാണ്. ഇക്കഴിഞ്ഞ (2003 ജനുവരി മാസം) പ്രവാസി ഭാരതീയ ദിവാസ് ചടങ്ങുകളോടനുബന്ധിച്ച് ഇരട്ടപൗരത്വം നൽകുന്നത് സംബന്ധിച്ച പ്രഖ്യാപനം കേന്ദ്ര സർക്കാർ നടത്തിയിട്ടുണ്ട്.

ഗോവയെ അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവെലിന് സ്ഥിരം വേദിയാക്കിയ നടപടി

86 (2950) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തരാഷ്ട്ര ഫിലിം ഫെസ്റ്റിവലിന് ഗോവയെ സ്ഥിരം വേദിയാക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ച വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഗോവയിലേയും കേരളത്തിലേയും ഈ രംഗത്തെ പ്രവർത്തനങ്ങൾ താരതമ്യം ചെയ്തിട്ടുണ്ടോ ;

(സി) ഫിലിം ഫെസ്റ്റിവെലിന് സ്ഥിരം വേദിയാകാനുള്ള കൂടുതൽ അർഹത കേരളത്തിനാണെന്ന് സർക്കാർ വിലയിരുത്തുന്നുണ്ടോ ;

(ഡി) എങ്കിൽ സ്ഥിരം വേദി കേരളത്തിന് ലഭിക്കാതെ പോയതിന്റെ കാരണങ്ങൾ വിലയിരുത്തുമോ ;

(ഇ) തീരുമാനം പുനഃപരിശോധിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) ഇത് കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനമാണ്.

(ഇ) ഈ തീരുമാനം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാനഗവൺമെന്റും പലച്ചിത്ര അക്കാദമിയും നിവേദനങ്ങൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

ഭരണഭാഷ മലയാളമാക്കുന്നതിനുള്ള നടപടികൾ

87 (2951) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണഭാഷ മലയാളമാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly